

## ഡിവൈൻ മേഴ്സി അഡോറേഷൻ കോൺവെന്റ് - തൊടുപുഴ

സ്ഥാപനം : 2006

ദൈവകരുണ പരി. അമ്മയിലൂടെ പ്രസരിച്ചുകൊണ്ടിരിക്കുന്ന ഒരു തീർത്ഥാടന കേന്ദ്രമാണ് രൂപതയുടെ കീഴിലുള്ള ഡിവൈൻ മേഴ്സി ഷ്റൈൻ. പുതിയേടത്ത് ജോൺ-റെജി ദമ്പതികളുടെ മകൾ ചിപ്പിക്കു പരി. അമ്മ നൽകിയ നിർദ്ദേശപ്രകാരം ആണ് ഇതിന്റെ സ്ഥാപനവും, പ്രവർത്തനങ്ങളും അവർ താമസിക്കുന്ന വീടും, അതിനോടനുബന്ധിച്ച് നിർമ്മിച്ച ഗ്രോട്ടോയും 2006-ൽ കോതമംഗലം രൂപതയ്ക്ക് കൈമാറി. അഭിവന്ദ്യ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവ് ഇതു വെഞ്ചരിച്ച് ഡിവൈൻ മേഴ്സി ഷ്റൈൻ ഓഫ് ഹോളി മേരി എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഈ ഷ്റൈനിൽ ശുശ്രൂഷ ചെയ്യുവാൻ പരി. അമ്മയുടെ നിർദ്ദേശപ്രകാരം രൂപതാദ്ധ്യക്ഷൻ നമ്മെ ഏല്പിച്ചതാണ് ഇവിടുത്തെ ശുശ്രൂഷ. 2006-ൽ 3 പേരടങ്ങുന്ന സിസ്റ്റേഴ്സിന്റെ ഒരു സമൂഹം നിലവിലുള്ള ഭവനത്തിൽ താമസിച്ച് ശുശ്രൂഷ ആരംഭിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ ഈ ഭവനം ആത്മീയ ശുശ്രൂഷയ്ക്കായി മാത്രം മാറ്റിവച്ചുകൊണ്ട് തൊട്ടടുത്ത് നമ്മൾ വാങ്ങിച്ച ഭവനത്തിലേയ്ക്ക് സിസ്റ്റേഴ്സ് താമസം മാറ്റി. സ്വദേശത്തു നിന്നും വിദേശത്തു നിന്നും അനവധി പേർ ഇവിടെ വന്ന് പ്രാർത്ഥിച്ച് അനുഗ്രഹം തേടിപ്പോകുന്നു. നിരവധി അത്ഭുതങ്ങളും ഇവിടെ നടക്കുന്നതായി സാക്ഷ്യങ്ങളുണ്ട്.